(സി) നിർമ്മാണപ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) തൃശ്ശൂർ മണലൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണോത്ത്-പുല്ല റോഡിന്റെ (മണലൂർ-തൃശ്ശൂർ ലിങ്ക് റോഡ്) നിലവിലെ പ്രവൃത്തിയുടെ കരാർ 28-5-2008-ലെ യോഗ തീരുമാനപ്രകാരം അവസാനിപ്പിച്ചതിനുശേഷം പുനരാരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഏകദേശം 40% പണികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.

**മൊട്ടക്കാവ് പാലത്തിന്റെ പണി**

**223 (673)** ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിവിഷനിലെ മൊട്ടക്കാവ് കുണ്ടുമൺ പാലത്തിന്റെ പണി ഇപ്പോൾ ഏത് സ്ഥിതിയിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പണി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) മൊട്ടക്കാവ് (കുണ്ടുമൺ) പാലത്തിന്റെ പണി പൂർത്തിയായിവരുന്നു. പാലത്തിന്റെ കൈവരി പിടിപ്പിക്കുന്ന പണിയും സംരക്ഷണ ഭിത്തികളുടെ പണിയും നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 2011 ഏപ്രിൽ മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**മഞ്ഞമ്മാട് പാലത്തിന്റെ നിർമ്മാണം**

**224 (674)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) താനൂർ നിയോജകമണ്ഡലത്തിലെ മഞ്ഞമ്മാട് പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

(ബി) പാലം നിർമ്മാണത്തിന് ഇതിനകം എത്ര രൂപ ചെലവായി ;

(സി) പാലത്തിന്റെയോ അപ്രോച്ച് റോഡിന്റെയോ നിർമ്മാണത്തിന് എതിരെ ഏതെങ്കിലും കോടതിയുടെ 'സ്റ്റേ' ഉത്തരവ് നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏത് കോടതിയുടെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഭൂവുടമകൾക്ക് നൽകാനുള്ള തുകയ്ക്ക് നേരത്തെ പാസ്സാക്കിയ അവാർഡ് കാലഹരണപ്പെട്ടത് പിന്നീട് പുനഃസ്ഥാപിക്കുകയുണ്ടായോ ;

(എഫ്) എങ്കിൽ ജി.ഒ.(ആർടി.) 1398/2010/പി.ഡബ്ല്യു.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരമാണോ കാലഹരണപ്പെട്ട അവാർഡ് പുനഃസ്ഥാപിച്ചത് ;

(ജി) എങ്കിൽ ഈ സാഹചര്യത്തിൽ അക്വിസിഷൻ നടപടികൾ ഒരു മന്ത്രിതലയോഗം ചേർന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(എച്ച്) എങ്കിൽ അപ്രകാരം നടപടി സ്വീകരിച്ച് ഈ സർക്കാരിന്റെ കാലത്തുതന്നെ പാലം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലത്തിന്റെ മാത്രം നിർമ്മാണം പൂർത്തിയായിട്ടുണ്ട്

(ബി) 1,59,97,112 രൂപ.

(സി&ഡി) ഇല്ല.

(ഇ&എഫ്) 29-11-2005-ലെ G.O.(Rt) 1065/05/PWD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കലിന് നൽകിയ ഭരണാനുമതി 6-9-2010-ലെ G.O.(Rt) 1396/10/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്.

(ജി-ഐ) പരിശോധിക്കുന്നതാണ്.

**കീച്ചേരി വാൽക്കടവ് പാലം**

**225 (675)** ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീച്ചേരി വാൽക്കടവ് പാലത്തിന്റെ റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഏറ്റെടുത്തത് ആരെന്ന് വെളിപ്പെടുത്തുമോ ;

(ബി) റീ-ടെണ്ടർ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly